I/485731/2023

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - സ്റ്റോർ അറ്റൻഡർ തസ്തികയിൽ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. 27.07.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

2. മലമ്പുഴ ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 03.08.2023 തീയതിയിലെ ITI-MPZA/890/2023-A3 നമ്പർ കത്ത്.

3. ഏറ്റുമാനൂർ ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 19.08.2023 തീയതിയിലെ ITI-ETMR/572/2023-E9 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: DT/3166/2023-A9 തീയതി: 18-09-2023**

സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലം മാറ്റ ഉത്തരവ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. 01.09.2022 ന ശേഷം സ്റ്റോർ അറ്റൻഡർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ചിരുന്ന ചുവടെ ചേർക്കുന്ന 2 ജീവനക്കാർ സ്ഥലം മാറ്റത്തിനായി പരാമർശം (2, 3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

വകുപ്പിൽ സ്റ്റോർ അറ്റൻഡർ തസ്തികയിൽ 2023 വർഷത്തിൽ പൊതുസ്ഥലം മാറ്റത്തിനായി സമർപ്പിച്ച എല്ലാ അപേക്ഷകളും പരിഗണിച്ചിട്ടുള്ളതിനാലും , പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നൽകുന്നതിനു മുൻപേ വകുപ്പിൽ നിലവിലുള്ള സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കേണ്ടതിനാലും, ചുവടെ ചേർക്കുന്ന ജീവനക്കാർ സ്ഥലം മാറ്റ ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ തുറന്ന ഒഴിവുകൾ നിലവിലുള്ളതിനാലും , ടി ഒഴിവുകളിൽ സ്ഥലം മാറ്റം ലഭിക്കുന്നതിനായി മറ്റ് അപേക്ഷകൾ നിലവിലില്ലാത്തതിനാലും, പരാമർശം (2, 3) അപേക്ഷ പരിഗണിച്ച് ചുവടെ ചേർക്കും പ്രകാരം സ്ഥലം മാറ്റം അനുവദിക്കുന്നു.

| ക്രമ നം | പേര് / തസ്തിക / സ്ഥാപനം | സ്ഥലം മാറ്റം ആവശ്യപ്പെടുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | ജയപ്രകാശ്.കെ<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.മലമ്പുഴ | ഐ.ടി.ഐ.കാസർഗോഡ് | ഐ.ടി.ഐ.കാസർഗോഡ് |
| 2. | സുധീഷ് കുമാർ.ജി<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐഏറ്റുമാനൂർ | ഐ.ടി.ഐ.പള്ളിക്കത്തോട് | ഐ.ടി.ഐ.പള്ളിക്കത്തോട് |

മേൽ പ്രകാരം സ്ഥലം മാറ്റം അനുവദിച്ച ജീവനക്കാരെ അതാത് സ്ഥപന മേധാവികൾ

I/485731/2023

വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാരെ വിടുതൽ ചെയ്യതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. നിലവിൽ സേവനത്തിലുള്ള സ്ഥാപനത്തിൽ ഒരു വർഷ സേവന ദൈർഘ്യം ഇല്ലാത്ത, അപേക്ഷ പ്രകാരം സ്ഥലം മാറ്റം അനുവദിച്ച ജീവനക്കാർക്ക് ജോയിനിംഗ് ടൈം /റ്റി.എ-യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ്:-**

ബന്ധപ്പെട്ട ജീവനക്കാർ
(സ്ഥാപനമേധാവി മുഖേനെ)

**പകർപ്പ്:-**

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ (എ9)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്